**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **29-09-2025 - ൽ മറുപടിയ്ക്ക്**

**ജലഗതാഗതമേഖലയുടെ സാദ്ധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വളർന്നുവരുന്ന സാങ്കേതികവിദ്യകൾക്കനുസരിച്ച് സംസ്ഥാന ജലഗതാഗത മേഖലയിൽ നൂതന സാങ്കേതിക വികസനം ലക്ഷ്യമിട്ടിട്ടുണ്ടോ; ഇതിനായി സർക്കാർ പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | വളർന്നു വരുന്ന സാങ്കേതിക വിദ്യകൾക്കനുസരിച്ചു സംസ്ഥാന ജലഗതാഗത മേഖലയിൽ നൂതന സാങ്കേതിക വികസനം ലക്ഷ്യമിട്ടിട്ടുണ്ട് . പഴയ തടിബോട്ടുകൾക്ക് പകരം സോളാറിൽ പ്രവർത്തിക്കുന്ന ശീതീകരിച്ച ആധുനിക കാറ്റമറൈൻ ബോട്ടുകൾ ഉപയോഗിച്ച് വരുന്നു . ടിക്കറ്റ് സംവിധാനം ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് . ഇ ഓഫീസ് സംവിധാനം കെ ഫോൺ നെറ്റ് വർക്കിന്റെ സഹായത്തോടെ വകുപ്പിൽ ഫലപ്രദമായ രീതിയിൽ ആവിഷ്കരിക്കാൻ സാധിച്ചതും ഓൺലൈൻ ട്രാൻസ്ഫർ ഇ - ടി ആർ 5 എന്നിവയും നൂതന സാങ്കേതിക വിദ്യകളായി വകുപ്പിൽ ഉപയോഗപ്പെടുത്തി വരുന്നു . കൂടാതെ ഭിന്നശേഷിക്കാർക്കായി പ്രത്യേകം ഓൺലൈൻ അപ്ലിക്കേഷൻ പോർട്ടൽ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട് . |
| (ബി) | റോഡ്, റെയിൽ ഗതാഗതത്തെ അപേക്ഷിച്ച് ജലഗതാഗതം കൂടുതൽ ലാഭകരവും മലിനീകരണമുക്തവും ആണെന്നിരിക്കെ ജലയാത്രാമാർഗങ്ങളുടെ അനന്ത സാധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | റോഡ് റയിൽ ഗതാഗതത്തെ അപേക്ഷിച്ചു ജലഗതാഗതം കൂടുതൽ ലാഭകരവും മലിനീകരണ മുക്തവും ആണെന്നിരിക്കെ ജലയാത്ര മാർഗങ്ങളുടെ അനന്തര സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട് . സാധാരണ യാത്ര സർവീസുകൾക്ക് പകരം ടൂറിസം സർവീസ് കൂടി ഉൾപെടുത്താൻ സാധിച്ചത് വകുപ്പിന് വമ്പിച്ച സാമ്പത്തിക ലാഭം നേടുന്നതിന് സഹായിച്ചു. കൂടാതെ 2018-19 കാലഘട്ടത്തിലെ വെള്ളപ്പൊക്ക സമയത്തു ഉൾനാടൻ ജലാശയ കേന്ദ്രങ്ങളിൽ നിന്നും ഭൂരിഭാഗം ജനങ്ങളുടെയും ജീവൻരക്ഷാപ്രവർത്തനങ്ങൾക്ക് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ട് . ജലയാത്ര മാർഗങ്ങളുടെ അനന്തരസാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ സേവനം കൂടുതൽ മേഖലകളിലേക്ക് |

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കുന്നതിനും കുട്ടനാട് , മൺറോതുരുത് , അഴീക്കൽ എന്നീ മേഖലകളിൽ സഫാരി മാതൃകയിലുള്ള ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടികൾ അവസാന ഘട്ടത്തിലാണ് . |
| (സി) | വിനോദ സഞ്ചാര മേഖലയിലെ സാധ്യതകൾകൂടി ഉപയോഗപ്പെടുത്തുന്ന രീതിയിൽ ജലഗതാഗത രംഗത്ത് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | വിനോദസഞ്ചാര മേഖലയിലെ സാദ്ധ്യതകൾ കൂടി ഉപയോഗപ്പെടുത്തുന്ന രീതിയിൽ ആണ് ആലപ്പുഴ - കൊല്ലം സർവീസ്', സീ കുട്ടനാട് , വൈക്കം എറണാകുളം റൂട്ടിൽ സർവീസ് നടത്തുന്ന വേഗ -1, ആലപ്പുഴ -കോട്ടയം റൂട്ടിൽ സർവീസ് നടത്തുന്ന വേഗ -2 എന്നീ സർവീസുകൾ ആരംഭിച്ചിട്ടുള്ളത് . ഇന്ത്യയിലെ ആദ്യത്തെ ഡബിൾ ഡെക്കോട് കൂടിയ എ സി സോളാർ ക്രൂയിസ് ബോട്ടിന്റെ നിർമാണം അന്തിമ ഘട്ടത്തിലാണ് . |

സെക്ഷൻ ഓഫീസർ